<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 561</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>നന്നമ്പ്ര പഞ്ചായത്ത് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ പാർട്ട് ബിൽ തുക ലഭ്യമാക്കാത്തതിനാൽ പ്രവൃത്തിയുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നന്നമ്പ്ര പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി 2 പാക്കേജുകളിലായിട്ടാണ് നടന്നു വരുന്നത്. പ്രവൃത്തി സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**പാക്കേജ് -1-**ൽ കിണർ, പമ്പ്ഹൗസ്, ഉന്നതതല ജല സംഭരണികൾ, വിതരണ ശൃംഖലകൾ, ഗാർഹിക കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഇതിൽ 41 കി.മീറ്റർ പൈപ്പുകൾ ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. അതിനുശേഷം കരാറുകാരന്റെ പ്രവൃത്തിയിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതുമൂലം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരന് പ്രൊജക്റ്റ് ഡിവിഷൻ മലപ്പുറം ഓഫീസിൽ നിന്നും 6 തവണ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**പാക്കേജ് -2-**ൽ 9 MLD ജല ശുദ്ധീകരണശാല, 25 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി, പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഈ പ്രവൃത്തി 30% ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു.<br><br>പാക്കേജ് -1-ന്റെ 3പാർട്ട് ബില്ലുകൾ പ്രൊജക്റ്റ് ഡിവിഷൻ മലപ്പുറം ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ ബില്ലിന്റെയും (2,06,82,268/-രൂപ) രണ്ടാമത്തെ ബില്ലിന്റെയും (80,84,536/-രൂപ) തുക കരാറുകാരന് നൽകിയിട്ടുണ്ട്. മൂന്നാമത്തെ ബില്ലിന്റെ(1,76,43,425/-രൂപ)തുക ലഭിക്കുന്നതിനായി പദ്ധതിയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ സീനിയോറിറ്റി നമ്പർ 4722 ആണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കേന്ദ്രവിഹിതം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അത് വക മാറ്റി | (ബി) | ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | ചെലവഴിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | | വിഹിതത്തിൽ 292.40 കോടി രൂപ ആദ്യ ഗഡുവായി ലഭിച്ചിട്ടുണ്ട്. ടി തുക പ്രസ്തുത കുടിവെള്ള പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബിൽ തുക എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ? | (സി) | ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി നിർവ്വഹിക്കുന്ന കരാറുകാർക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 21.05.2024 വരെ 3281,27,99,369/- രൂപയുടെ ബിൽ നൽകുവാൻ ഉണ്ട് എന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് ബിൽ തുക അനുവദിച്ച് വരുന്നത്. നാളിതുവരെ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് 1387 വരെ സീനിയോറിറ്റിയുള്ള ബില്ലുകൾക്ക് തുക അനുവദിച്ച് നൽകിയിട്ടുള്ളതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ചോദ്യത്തിൽ പ്രതിപാദിക്കുന്ന പാർട്ട് ബില്ലിന്റെ സീനിയോറിറ്റി നമ്പർ 4722 ആണ്. സീനിയോറിറ്റി പ്രകാരം ടി പാർട്ട് ബിൽ തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ